**B2/164/2021-CLAD**

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - മ്യൂസിയം മൃഗശാല വകുപ്പ് - സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നത് - അധികമായി ആവശ്യം വന്ന തുകയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**സാംസ്കാരികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**147/2025/CLAD** തീയതി,തിരുവനന്തപുരം, **19-03-2025**

---

പരാമർശം:-
1. **12.01.2023** തീയതിയിലെ സ.ഉ.(സാധാ)നം. **17/2023/CLAD** നമ്പർ സർക്കാർ ഉത്തരവ്.
2. മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ **13.11.2023, 10.05.2024** തീയതികളിലെ എം.ഇസഡ്(ഡി)**2158/2019** നമ്പർ കത്തുകൾ.

**ഉത്തരവ്**

മ്യൂസിയം മൃഗശാലവകുപ്പിൽ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടി **2022-23** സാമ്പത്തിക വർഷത്തിൽ മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർക്ക് **3,79,049/-** രൂപയ്ക്ക് പരാമർശം **(1)** പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. **18/2/2023** ൽ കെൽട്രോണിൽ നിന്നും ലഭിച്ച **3,22,811/-** രൂപയുടെ ബില്ല് പ്രകാരം തുക കെൽട്രോണിന് നൽകുകയുണ്ടായെന്നും അതിന് ശേഷം **30/10/2023** ൽ കെൽട്രോണിൽ നിന്നും ഐഡി കാർഡ് ചെയ്തതിന്റെ **53459/-** രൂപയുടെ ബില്ല് ലഭിച്ചിരിക്കുന്നതായും ഡയറക്ടർ അറിയിച്ചിരിക്കുന്നു. ബയോമെട്രിക്ക് പഞ്ചിംഗ് സിസ്റ്റത്തിന്റെ ഭരണാനുമതി കിട്ടിയത് **2022-23** വർഷത്തിലാണ്. ആയതിനാൽ **53,459/-** രൂപ **2024-25** സാമ്പത്തിക വർഷത്തെ **2205-00-107-92** പ്ലാൻ ശീർഷകത്തിൽ നിന്നും ചെലവാക്കുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകണമെന്ന് മ്യൂസിയം മൃഗശാലവകുപ്പ് ഡയറക്ടർ പരാമർശം **(2)** പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മ്യൂസിയം മൃഗശാലവകുപ്പിൽ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയതിന്റെ ഭാഗമായി അധികമായി ആവശ്യം വന്ന **53,459/-** രൂപ **2024-25** സാമ്പത്തിക വർഷത്തെ **2205-00-107-92** പ്ലാൻ ശീർഷകത്തിൽ നിന്നും ചെലവാക്കുന്നതിനുള്ള പുതുക്കിയ ഭരണാനുമതി മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, മ്യൂസിയം മൃഗശാല വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
ധനകാര്യ (എഡ്യുക്കേഷൻ സി) വകുപ്പ് **(E1894292 EDN C3/320/2021-FIN)**
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Renju. A. R
Date: 19-03-2025 16:49:50

സെക്ഷൻ ഓഫീസർ